STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.439/PR/SPMC/PHQ/2026 Date:23.09.2026

# പത്രക്കുറിപ്പ്

## ട്രെയിൻ യാത്രയ്ക്കിടയിലെ മോഷണം:

## 48 പേർക്കെതിരെ നടപടി

## 30 ലക്ഷത്തിലധികം രൂപയുടെ തൊണ്ടിമുതൽ പിടിച്ചെടുത്തു

ട്രെയിൻ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും യാത്രയ്ക്കിടയിലെ കവർച്ച തടയുന്നതിനുമായി കേരള റെയിൽവേ പോലീസ് കഴിഞ്ഞ ഒരു മാസത്തിനിടെ നടത്തിയ പ്രത്യേക പരിശോധനയിൽ 48 മോഷ്ടാക്കൾക്കെതിരെ നിയമനടപടി സ്വീകരിച്ചു.

കേരളത്തിനകത്തും പുറത്തുനിന്നുമായി അറസ്റ്റിലായ പ്രതികളെ റിമാൻഡ് ചെയ്തു. സംസ്ഥാനത്തെ വിവിധ റെയിൽവേ സ്റ്റേഷനുകളും ട്രെയിനുകളും കേന്ദ്രീകരിച്ച് നടത്തിയ ഊർജ്ജിത അന്വേഷണത്തിലാണ് പ്രതികൾ വലയിലായത്.

രാത്രികാലങ്ങളിൽ ട്രെയിനുകളിലും പ്ലാറ്റ്ഫോമുകളിലും ഉറങ്ങിക്കിടക്കുന്ന യാത്രക്കാരേയും തിരക്കുള്ള ട്രെയിനുകളിൽ യാത്ര ചെയ്യുന്നവരേയും ആണ് മോഷ്ടാക്കൾ ലക്ഷ്യമിടുന്നത്.

മോഷണം സംബന്ധിച്ച് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ സൈബർ സെല്ലിന്റെയും രഹസ്യാന്വേഷണ വിഭാഗത്തിന്റെയും സഹകരണത്തോടെ റെയിൽവേ പോലീസ് നടത്തിയ ശാസ്ത്രീയ അന്വേഷണങ്ങൾക്കൊടുവിലാണ് പ്രതികൾ പിടിയിലായത്..

അറസ്റ്റിലായവരിൽ നിന്ന് 30 ലക്ഷത്തിലധികം രൂപ വിലമതിക്കുന്ന തൊണ്ടിമുതലുകൾ പോലീസ് പിടിച്ചെടുത്തു. ഇതിൽ 54 മൊബൈൽ ഫോണുകൾ, 2 ലാപ്ടോപ്പുകൾ, സ്വർണ്ണാഭരണങ്ങൾ, 90,000 രൂപ, ചാർജറുകൾ, മറ്റ് വിലപിടിപ്പുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ ഉൾപ്പെടുന്നു.

പിടിച്ചെടുത്ത ഫോണുകളുടെയും ലാപ്ടോപ്പുകളുടെയും യഥാർത്ഥ ഉടമസ്ഥരെ കണ്ടെത്തി തിരികെ നൽകാനുള്ള നടപടികൾ പുരോഗമിക്കുകയാണെന്ന് പോലീസ് അറിയിച്ചു. വരും ദിവസങ്ങളിലും സംസ്ഥാനത്തുടനീളം ട്രെയിനുകളിലും റെയിൽവേ സ്റ്റേഷൻ പരിസരങ്ങളിലും നിരീക്ഷണവും പരിശോധനകളും കൂടുതൽ കർശനമാക്കുമെന്നും കേരള റെയിൽവേ പോലീസ് വ്യക്തമാക്കി.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

****************************